രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ, സഭകൾ തമ്മിലുള്ള വഴക്കുകൾ, കുടുംബത്തിന് അകത്തുള്ള കലഹങ്ങൾ, ഇവയെല്ലാം ഈ നോമ്പുകാലത്ത് ഇല്ലാതാക്കുവാൻ നാം പരിശ്രമിക്കണം. അന്ധവിശ്വാസത്തിന്റെയും അനാചരത്തിന്റെയും ചതിക്കുഴിയിൽ വീഴാതിരിക്കാൻ നമ്മുടെ കുടുംബപരിസരങ്ങളെ വിശ്വാസത്തിൽ സുസ്ഥിരമാക്കണം. മാരകമായ ലഹരിയുടെ പിടിയിൽ നിന്നും നമ്മുടെ തലമുറയെ വഴിമാറ്റി നടത്താൻ ഇടവക ഒന്നാകെ ജാഗ്രത പുലർത്തണം. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം, മൊബൈൽ ഫോണുകളുടെ ദുരുപയോഗം ഇവയൊക്കെ സൃഷ്ടിക്കുന്ന മാർഗ്ഗതടസ്സങ്ങളിൽനിന്ന് ബോധപൂർവ്വം നാം പിന്മാറണം. തിരുപ്പിറവിയുടെ സമാധാനവും സന്തോഷവും എല്ലാവർക്കും ഹൃദയപൂർവ്വം ഞാൻ ആശംസിക്കുന്നു!

ആയത്, ദൈവമാതാവും നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹായുടെയും, സകല പരിശുദ്ധരുടെയും, ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതദാസൻ,

+ Mar Theodosius

മൂവാറ്റുപുഴ അരമന

28.11.2022

✠ യൂഹാനോൻ മാർ തെയഡോഷ്യസ്

മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത

N.B.: ഈ കല്പന വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും ആശ്രമങ്ങളിലും, മഠങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



THE SYRO-MALANKARA CATHOLIC CHURCH

# EPARCHY OF MUVATTUPUZHA

✠Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha - 686 669

Prot. No. PL 04/2022

**ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂട്ടായ്മയിലും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പൊലീത്തായിൽ നിന്നും ഭദ്രാസനത്തിന്റെ അജപാലന പരിധിയിലുള്ള എല്ലാ വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും ത്രിതൈ്വക നാമത്തിൽ വാഴ്വ് !**

## ക്രിസ്തുമസ് - 2022

ദൈവതിരുനാമത്തിനു മഹത്വമുണ്ടായിരിക്കട്ടെ!

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

"എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി ദൈവത്തിന്റെ കൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു" (തീത്തോസ് 2:11) യേശുക്രിസ്തുവിന്റെ തിരുപ്പിറവി നമുക്ക് നൽകുന്ന അടിസ്ഥാനസന്ദേശം ഈ തിരുവചനത്തിലൂടെ വ്യക്തമാണ്. എല്ലാ മനുഷ്യരുടെയും രക്ഷയാണ് തിരുപ്പിറവിയുടെ ആത്യന്തിക പൊരുൾ. ജനിച്ചവരുടെയും ജനിക്കാൻ പോകുന്നവരുടെയും രക്ഷയാണ് ഇവിടെ അർത്ഥമാക്കുക. എല്ലാ ദേശത്തും, എല്ലാകാലത്തും, എല്ലാവരോടും, അറിയിക്കപ്പെടേണ്ട സദ്‌വാർത്തയാണിത്. മാലാഖ വൃന്ദങ്ങളും ആട്ടിടയന്മാരും ജ്ഞാനികളുമെല്ലാം ഈ ദൗത്യമാണ് നിർവഹിച്ചത്. തിരുസഭയുടെ അടിസ്ഥാന ഉത്തരവാദിത്വവും ഈ രക്ഷയുടെ ഈ ദൂത് അതിർത്തികളോളം അറിയിക്കുക എന്നുള്ളതാണ്. വൈദികരും സന്യസ്ഥരും അല്മായരും ഈ രക്ഷയുടെ യഥാർത്ഥ സാക്ഷികൾ ആകുമ്പോഴാണ് ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥപൂർണ്ണമാകുക.

2022-ൽ ക്രിസ്തുമസ് ആഗോള കത്തോലിക്കാ സഭ "സിനഡാലിറ്റിയുടെ" പശ്ചാത്തലത്തിലാണ് ആഘോഷിക്കുക. ഒരുമിച്ചുള്ള ഒരു യാത്രയാണ് "സിനഡാലിറ്റി" കൊണ്ട് അർത്ഥമാക്കുന്നത്.. കൂട്ടായ്മ, പങ്കാളിത്തം, മിഷൻ ഇവയാണ് ഈ യാത്രയുടെ നാഴികക്കല്ലുകൾ. പരിശുദ്ധാത്മനിറവിൽ, പരസ്പരം സംസാരിച്ചും, ശ്രവിച്ചും, നടത്തേണ്ട ഒരു തീർത്ഥാടനമാണിത്. അധികാര ഭാവവും അഹന്തയും അകറ്റി പരസ്പരം ശുശ്രൂഷകരായി, ഒരേ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന ഈ തീർത്ഥാടനയാത്ര തീർത്തും വ്യത്യസ്തമാണ്. ജ്ഞാനികൾ പുൽക്കൂട്ടിൽ ഉണ്ണിയേശുവിനെ കണ്ട്, കാഴ്ചകൾ സമർപ്പിച്ചതിനുശേഷം, 'മറ്റൊരു വഴിയെ' (A different way) സ്വദേശത്തേക്ക് തിരികെ പോയെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. വിശ്വാസ യാത്രയിൽ ഇപ്രകാരമുള്ള **ഒരു വഴിമാറ്റം** ഈ കാലഘട്ടത്തിൽ അനിവാര്യം തന്നെ. സഭയ്ക്കുള്ളിലും സഭയ്ക്ക് പുറത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന വിപരീത സാക്ഷ്യങ്ങൾ ഈ വഴിമാറ്റത്തിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുന്നു.

വിശ്വാസ ജീവിതത്തെ വഴിയാത്രയായിട്ടാണ് വി. വേദപുസ്തകവും സഭാ പിതാക്കന്മാരും പഠിപ്പിക്കുന്നത്. ഭൗതികതയിൽ നിന്ന് അതിഭൗതികതയിലേക്കുള്ള ഒരു പ്രയാണം. വി. ഗ്രന്ഥം മുഴുവനും വഴി മാറി നടന്നവരുടെയും വഴിമാറാതെ യാത്ര നടത്തിയവരുടെയും ഒരു വെളിപ്പെടുത്തലായി കണക്കാക്കാം. പൂർവ പിതാക്കന്മാരായ അബ്രഹാമും യാക്കോബും യൗസേപ്പും, നീതിമാനായ ജോബും, പ്രവാചകന്മാരായ എശയ്യായും ജറമിയായുമെല്ലാം ദൈവം കാണിച്ചുകൊടുത്ത വഴിയിൽ സഞ്ചരിച്ചവരാണ്. പുതിയ നിയമത്തിൽ പരിശുദ്ധ മറിയവും, വിശുദ്ധ യൗസേഫും, ശ്ലീഹന്മാരും, വിശുദ്ധ പൗലോസുമെല്ലാം ഈ ഗണത്തിൽ തിളങ്ങുന്ന സാക്ഷ്യങ്ങളാണ്. സാവൂൾ, ഗോലിയാത്ത്, ഒറ്റുകാരനായ യൂദാ തുടങ്ങിയവർ ദൈവീക വഴികളെ മറുതലിച്ചു മാർഗഭ്രംശം സംഭവിച്ച നക്ഷത്രങ്ങളാണ് (യൂദാ 1:13). അതിനാൽ തന്നെ അവരുടെ പ്രകാശം നഷ്ടപ്പെട്ടു. യേശു പറഞ്ഞു " ഞാൻ വഴിയും സത്യവും ജീവനുമാണ് " (യോഹ 14 : 6) സക്കേവൂസിനെ പോലെ യേശുനാഥന്റെ വഴിയിൽ കാത്തുനിൽക്കുന്നവർക്ക് മാത്രമേ അവനോടൊപ്പം പന്തിഭോജനത്തിൽ പങ്കുചേരുവാൻ സാധിക്കുകയുള്ളൂ. **'ദൈവം നമ്മോടുകൂടെ'** എന്ന പേരുള്ള എമ്മാനുവേലിനോടൊപ്പമുള്ള യാത്രയാണ് തിരുപ്പിറവി നമുക്ക് സമ്മാനിക്കുന്നത്. ഈ തിരുനാളിന്റെ മഹത്വവും സന്തോഷവും ദൈവത്തോട് ചേർന്നുള്ള ഈ യാത്ര തന്നെയാണ്. ഈ



യാത്രയിൽ ആരെയും മാറ്റിനിർത്തരുതെന്നുള്ളതാണ് സിനഡാലിറ്റിയിലൂടെ സഭ ലക്ഷ്യം വയ്ക്കുക.

ബേത്ലഹേമിലെ പുൽത്തൊഴുത്തിൽ ഉണ്ണിയേശുവിനെ കണ്ട് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചവച്ചപ്പോഴാണ്, വഴിമാറി നടക്കേണ്ടതിന്റെ പൊരുൾ ജ്ഞാനികൾ തിരിച്ചറിയുന്നത്. ഹെറോദോസിന്റെ വഴികൾ രാജകീയമെങ്കിലും അത് അധികാരത്തിന്റെയും അക്രമത്തിന്റെയും ആണെന്ന് അവർ മനസ്സിലാക്കി. മോഹിപ്പിക്കുന്ന ഇത്തരം വഴികൾ ഈ ക്രിസ്മസ് കാലത്ത് നാം ഉപേക്ഷിക്കണം. യഥാർത്ഥ ദൈവാനുഭവം സിദ്ധിക്കുന്നവർക്ക് മാത്രമേ അത് സാധിക്കുകയുള്ളൂ. യേശുനാഥനെ അനുഭവിച്ചറിഞ്ഞ പാപിനിയുടെയും സക്കേവൂസിന്റെയുമൊക്കെ ജീവിതം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ഒരു തെറ്റായ ചുവടുമാറ്റത്തിന് വലിയ മുക്കുവനായ പത്രോസിന് വലിയ വില നൽകേണ്ടിവന്നു. കാലാന്തരത്തിൽ എശയ്യായുടെ പ്രവചനം സ്നാപക യോഹന്നാനിലൂടെ ഇപ്രകാരം മുഴങ്ങി: "കർത്താവിന് വഴിയൊരുക്കുവിൻ അവന്റെ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും, വളഞ്ഞ വഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുലമാക്കപ്പെടും, സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും" (യോഹ 3:46, എശയ്യാ 40: 35).

**പ്രിയ വിശ്വാസികളെ,**

അനുഗ്രഹീതമായ ഇരുപത്തിയഞ്ച് നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. കേരള സഭ ഒന്നാകെ പ്രാർത്ഥനയോടെ നവീകരണ പാതയിൽ **ഒരു വഴിമാറ്റത്തിന്** വേണ്ടി ഒരുങ്ങുന്ന ഈ കാലയളവിൽ, നമ്മുടെ കുടുംബങ്ങളും ഇടവകയും വൈദിക ജില്ലയും സഭയും കർത്താവിന്റെ വഴി തിരിച്ചറിയുവാനും ആ വഴിയിലൂടെ സഞ്ചരിക്കുവാനും പരിശ്രമിക്കണം. നമ്മുടെ വൈദികരും സന്യസ്ഥരും പുതിയ പാത വെട്ടി തുറന്ന് ദൈവമക്കൾക്ക് മുൻപേ നടന്ന്, നല്ല ഇടയരെപ്പോലെ മാതൃകയാകണം.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ അബുദാബി, ബഹ്റിൻ സന്ദർശനങ്ങൾ വഴിമാറി സഞ്ചരിക്കുവാനുള്ള വലിയ പ്രചോദനമാണ് നമുക്ക് നൽകുന്നത്. തീവ്രവാദവും വംശീയതയും മതമൗലികവാദവുമൊക്കെ നമ്മുടെ വഴിയാത്രയിലെ പാറക്കെട്ടുകളാണ്. ഈ കഴിഞ്ഞ നാളുകളിൽ യുക്രെയിൻ മേജർ ആർച്ച് ബിഷപ്പ് ഷെവ്ചുക്ക് തങ്ങളുടെ ദൈവാലയത്തെ തകർത്ത ഒരു ബോംബിന്റെ കഷണവുമായി മാർപാപ്പയെ കാണുകയുണ്ടായി. അത് ദൈവജനത്തിന്റെ ഒരുമിച്ചുള്ള യാത്രയുടെ ക്ലേശകരമായ ഒരു ഓർമ്മപ്പെടുത്തലാണ്.